**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 269** **28/01/2014-ൽ മറുപടിക്ക്**

**<u>ദേശീയ വിദ്യാഭ്യാസ പദ്ധതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ദേശീയ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സ്കൂൾ തലത്തിൽ നടപ്പാക്കുന്ന ദേശീയ വിദ്യാഭ്യാസ പദ്ധതികളാണ് സർവ്വ ശിക്ഷാ അഭിയാനും (SSA) രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാനും (RMSA). ഗുണമേന്മയുള്ള അടിസ്ഥാന വിദ്യാഭ്യാസം സാർവത്രികമാക്കുവാൻ വേണ്ടി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും പഠന ഗുണനിലവാരം ഉയർത്താനും സമൂഹ പങ്കാളിത്തം ഉറപ്പാക്കുവാനും ലക്ഷ്യമിട്ടുകൊണ്ട്, 2001-2002 അദ്ധ്യയന വർഷം മുതൽ ഈ പദ്ധതി നടന്നുവരുന്നു. 2010 വർഷത്തൊടെ 6 മുതൽ 14 വയസു വരെയുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പഞ്ചായത്ത് രാജ് സംവിധാനം, അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ, മാതൃസമിതികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുവാൻ സർവ്വ ശിക്ഷാ അഭിയാൻ നടപടിക്രമങ്ങളും കൈക്കൊണ്ടുവരുന്നു. |

14 മുതൽ 18 വരെ വയസുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള സെക്കന്ററി/ഹയർ സെക്കന്ററി വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA). നിലവിൽ ഒൻപത്, പത്ത് ക്ലാസ്സുകളിലാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി മുഖേന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(ബി) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിലൂടെ എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുക, എല്ലാ കുട്ടികൾക്കും 8 വർഷത്തെ പ്രാഥമിക വിദ്യാഭ്യാസം നൽകുക, സാമൂഹികവും ലിംഗപരവുമായ എല്ലാ വ്യത്യാസങ്ങളും നികത്തുക, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നീ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു.

കൂടാതെ ആവശ്യമുള്ള സ്ഥലത്ത് പുതിയ സ്കൂളുകൾ നിർമ്മിക്കുവാനും കുട്ടികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കാനും യാത്രാ സൗകര്യത്തിനുള്ള അലവൻസ് നൽകാനും, സൗജന്യ പാഠപുസ്തകം നൽകാനും സർവ്വ ശിക്ഷാ അഭിയാൻ മുൻകൈ എടുത്തു വരുന്നു. 2012-13 അദ്ധ്യയന വർഷം മുതൽ ഒന്നാം ക്ലാസുമുതൽ 8-ാം ക്ലാസ്സുവരെ സർക്കാർ സ്കൂളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും, എസ്.സി/എസ്.ടി/ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുകയും ചെയ്തുവരുന്നു.

രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) പദ്ധതിയിലൂടെ നിലവിൽ 5 കിലോമീറ്റർ ചുറ്റളവിൽ ഹൈസ്കൂൾ ഇല്ലാത്ത എല്ലാ സ്ഥലങ്ങളിലും പുതുതായി ഹൈസ്കൂൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ സ്കൂളുകളിൽ ഹെഡ്മാസ്റ്റർ, 5 അദ്ധ്യാപകർ, ഒരു ലാബ് അസിസ്റ്റന്റ്, ഒരു ഓഫീസ്

അസിസ്റ്റന്റ് എന്നിവർക്കുള്ള ശമ്പളവും, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ 50,000/- രൂപയും, മൈനർ റിപ്പയറിനായി 25,000/- രൂപയും ഓരോ ഗവൺമെന്റ് സ്കൂളിനും പ്രതിവർഷം നൽകുന്നു.

കുട്ടികളുടെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കരിയർ ഗൈഡൻസ്, കൗൺസിലിംഗ്, പെൺകുട്ടികൾ, എസ്.സി., എസ്.ടി, മൈനോറിറ്റി വിഭാഗം കുട്ടികൾക്കു തുല്യത ഉറപ്പുവരുത്തുവാനുമുള്ള പ്രവർത്തനങ്ങൾ RMSA വഴി നടപ്പിലാക്കുന്നു.

Sreedevi

**സെക്ഷൻ ഓഫീസർ**